ഭരണഭാഷ-മാതൃഭാഷ

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: ഷിബു. എ.റ്റി)

നമ്പർ. 2676/2021/ഇ 2/ഡിപി(1)

തിരുവനന്തപുരം
തീയതി. 23 /11/2021

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - മിനിസ്റ്റീരിയൽ വിഭാഗം - ക്ലാർക്ക് തസ്തികയിലെ സീറ്റുമാറ്റം/അധിക ചുമതല - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ e-Office നോഡൽ ഓഫീസറുടെ 08/11/2021 കുറിപ്പ്.
2. ശ്രീമതി സിന്ധു. കെ.എസിന്റെ 09/11/2021 ലെ സമർപ്പണം.
3. ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ 15/11/2021 ലെ കുറിപ്പ്.

## ഉത്തരവ്

അച്ചടി വകുപ്പ് ഡയറക്ടറേറ്റിൽ e-Office മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിന് വകുപ്പുതലത്തിൽ നിന്നും Post Graduate Diploma in E-Governance ൽ യോഗ്യത നേടിയവരെയാണ് ചുമതലപ്പെടുത്തേണ്ടത്. ആയതിനാൽ അക്കൗണ്ട്സ് വിഭാഗത്തിൽ എ 10 സീറ്റ് കൈകാര്യം ചെയ്യുന്ന ശ്രീമതി റ്റാജിസ് രാമകൃഷ്ണനെ പ്രസ്തുത യോഗ്യത നേടിയതിനാൽ e-Office, COMPOSE, SPARK, PMU എന്നിവയുടെ ചുമതലകൾ ഏല്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരമുള്ള നോഡൽ ഓഫീസറിന്റെയും പരാമർശം (3) പ്രകാരമുള്ള ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ e-Office ന്റെ പ്രവർത്തനത്തിന് തപാൽ സെക്ഷന്റെ മേൽനോട്ടത്തിന് ശ്രീമതി കെ.എസ്. സിന്ധുവിന്റെ സേവനം ആവശ്യമാണെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാമർശം (2) ലെ സമർപ്പണത്തിൽ പറഞ്ഞിരിക്കുന്ന ടിയാളുടെ അസുഖം പരിഗണിച്ചും ചുവടെ പറയും പ്രകാരം ക്ലാർക്ക് തസ്തികയിൽ സീറ്റുമാറ്റം/അധികചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സീറ്റുമാറ്റം/അധിക ചുമതല നൽകി നിയമിക്കപ്പെടുന്ന കാര്യാലയം | ഒഴിവ് സംബന്ധിച്ച വിവരം |
|---|---|---|---|
| 1. | ശ്രീമതി കെ.എസ്. സിന്ധു<br>ഹെഡ് ക്ലാർക്ക്,<br>ജില്ലാ ഫാറം സ്റ്റോർ,<br>എറണാകുളം. | അധിക ചുമതല<br>തപാൽ വിഭാഗം<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | E-Office സംബന്ധമായ ജോലികൾ ചെയ്യുന്നതിനായി തപാൽ സെക്ഷനിൽ മൂന്ന് മാസത്തേയ്ക്ക് അധിക ചുമതല നൽകുന്നു. |

Scanned with CamScanner

| | | | |
|---|---|---|---|
| 2. | ശ്രീമതി റ്റാജിസ് രാമകൃഷ്ണൻ<br>സീനിയർ ക്ലാർക്ക്,<br>എ 10 സീറ്റ്,<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | സീറ്റുമാറ്റം<br>ഐ.റ്റി. സെൽ<br>e-Office, COMPOSE, SPARK, PMU<br>ഡയറക്ടറേറ്റ്<br>അച്ചടി വകുപ്പ്,<br>തിരുവനന്തപുരം. | ഭരണപരമായ<br>സൗകര്യാർത്ഥം |
| 3. | ശ്രീമതി ആർ. രാജി<br>സീനിയർ ക്ലാർക്ക്,<br>എ 6 സീറ്റ്,<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | സീറ്റുമാറ്റം<br>അക്കൗണ്ട് വിഭാഗം<br>എ 10 സീറ്റ്<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | ശ്രീമതി റ്റാജിസ്<br>രാമകൃഷ്ണന് സീറ്റുമാറ്റം<br>നൽകിയ ഒഴിവിൽ |
| 4. | കുമാരി ദേവി ശരണ്യ. കെ.വി<br>ക്ലാർക്ക്,<br>എ 5 സീറ്റ്<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | അധികചുമതല<br>അക്കൗണ്ട് വിഭാഗം<br>എ 6 സീറ്റ്<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | ശ്രീമതി ആർ. രാജിയ്ക്ക്<br>സീറ്റുമാറ്റം നൽകിയ<br>ഒഴിവിൽ |

പബ്ലിക്കേഷൻ 'ഡി' വിഭാഗത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി റീറ്റാ വർഗ്ഗീസിന് സീനിയർ സൂപ്രണ്ടായി തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിച്ചതിനാൽ പുതിയ ജൂനിയർ സൂപ്രണ്ട് ചാർജ്ജ് എടുക്കുന്നതുവരെ ടി സെക്ഷനിലെ സീനിയർ ക്ലാർക്ക് ശ്രീമതി മഞ്ജു.ഡി.വി യ്ക്ക് ജൂനിയർ സൂപ്രണ്ടിന്റെ User ID, Password എന്നിവ കൈമാറുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ജീവനക്കാർ ഈ ഉത്തരവനുസരിച്ച് സീറ്റുകളുടെ ചുമതല അടിയന്തിരമായി ഏറ്റെടുത്ത് ഉത്തരവ് നടപ്പിൽ വരുത്തേണ്ടതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/ ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം / അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ/സീനിയർ സൂപ്രണ്ട്/ പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഓഫീസ് മാനേജർ/ജൂനിയർ സൂപ്രണ്ട് ഇ I/ ജൂനിയർ സൂപ്രണ്ട്, എ I, എ II/ഹെഡ് ക്ലാർക്ക്, ജിസിപി/ജിസിപി ഇ 2/എ 4 സീറ്റ്/ ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

Scanned with CamScanner